അതേ മാനദണ്ഡങ്ങളനുസരിച്ചാണ് തൃക്കാക്കര സബ് രജിസ്ട്രാർ ഓഫീസിലും ഫെയർവാല്യു നിശ്ചയിച്ചിട്ടില്ലാതിരുന്ന വസ്തുക്കളുടെ കൈമാറ്റങ്ങൾ രജിസ്ട്രേഷൻ നടത്തിയിരുന്നതെന്നും, തൃക്കാക്കര സബ് രജിസ്ട്രാറായിരുന്ന ശ്രീമതി.ജെ.ഡി. ശ്രീകല 159 ആധാരങ്ങൾ രജിസ്റ്റർ ചെയ്തതുവഴി 1,31,62,611/- രൂപ സർക്കാരിന് നഷ്ടം വരുത്തിയെന്ന വകുപ്പുതല അന്വേഷണ റിപ്പോർട്ട് യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണെന്നും ഹൈലെവൽ കമ്മിറ്റി കണ്ടെത്തുകയുണ്ടായി.

ഈ രണ്ട് റിപ്പോർട്ടുകളും സർക്കാർ വിശദമായി പരിശോധിക്കുകയും, വകുപ്പുതല അന്വേഷണ ഉദ്യോഗസ്ഥർ മുദ്രപ്പത്രനിയമത്തിലെ വ്യവസ്ഥകളും സർക്കാർ നിർദ്ദേശങ്ങളും അടിസ്ഥാനമാക്കിയല്ല അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നതെന്നും, എന്നാൽ, നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പരിഗണിച്ചാണ് ഹൈലെവൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നും ബോദ്ധ്യപ്പെടുകയുമുണ്ടായി. എന്നിരുന്നാലും, ഏതെങ്കിലും ആധാരത്തിൽ മുൻ ആധാരവിലയെക്കാൾ കുറവ് വരുത്തുകയോ വസ്തുവിന്റെ അതിര് (ഏലുക) തെറ്റായിചേർത്ത് ആധാരമെഴുത്തുകാർ ആധാരം ചമച്ച് സർക്കാരിന് നഷ്ടം ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടോയെന്നുകൂടി കണ്ടെത്തുന്നതിനായി ഒരു അനുബന്ധ അന്വേഷണം കൂടി നടത്താൻ ഹൈലെവൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അനുബന്ധ അന്വേഷണ റിപ്പോർട്ടുകൂടി ലഭ്യമാകുന്ന

| | | | |
|---|---|---|---|
| | | | മുറയ്ക്ക് ഈ വിഷയത്തിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | ബി) | ടി കാലയളവിൽ സബ് രജിസ്ട്രാർ ആയിരുന്ന ശ്രീമതി. ജെ.ഡി.ശ്രീകലയെ, 7/4/12-ൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഇ2-26888/11-ാം നമ്പർ ഉത്തരവുപ്രകാരം അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും, വകുപ്പുതല അന്വേഷണം പൂർത്തിയായതിനാൽ ടിയാളെ, 12/06/2012-ൽ, ടിയാന്റെ ഇ2/26888/11-ാം നമ്പർ ഉത്തരവ് പ്രകാരം സേവനത്തിൽ തിരിച്ചെടുത്തിട്ടുള്ളതുമാണ്. കൂടാതെ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 15/06/2001-ലെ എൽ.1/17701/ 01-ാം നമ്പർ സർക്കുലറിന് വിരുദ്ധമായി പ്രവർത്തിച്ച ആധാരമെഴുത്ത് ലൈസൻസികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി, ടിയാൻമാർക്ക്, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ.